"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - എക്സൈസ് റേഞ്ച് ഓഫീസിൽ പ്രിവന്റീവ് ഓഫീസറായി ജോലി നോക്കി വരവെ മരണമടഞ്ഞ എൻ. ശ്രീധരന്റെ മകൻ ശ്രീ. ശ്രീജിത്ത്. എസ്. ജെ-ക്ക് പാർട്-ടൈം കണ്ടിജന്റ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം -മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.**110/2025/TAXES** തീയതി,തിരുവനന്തപുരം, **19-12-2025**

---

പരാമർശം:-
1. **24.05.1999**-ലെ സ.ഉ.(പി) നം.**12/99**/പി.&എ.ആർ.ഡി
2. ശ്രീ. ശ്രീജിത്ത്. എസ്. ജെ **20.06.2022, 22.07.2024 15.5.2025** തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ
3. എക്സൈസ് കമ്മീഷണറുടെ **03.04.2024, 29.07.2024, 07.01.2025, 23.07.2025** തീയതികളിലെ കത്തുകൾ
4. **16.04.2024**-ലെ എഫ്**2/64/2024**-നികുതി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിൽ വർക്കല എക്സൈസ് റേഞ്ച് ഓഫീസിൽ പ്രിവന്റീവ് ഓഫീസറായി ജോലി നോക്കി വരവെ **01/10/1992**-ൽ ൽ മരണമടഞ്ഞ എൻ ശ്രീധരന്റെ മകൻ ശ്രീ. ശ്രീജിത്ത്. എസ്.ജെ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (**2**)-ലെ **20.06.2022** തീയതിയിൽ സമർപ്പിച്ച അപേക്ഷ പരാമർശം (**3**)-ലെ **03.04.2024**-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

**2**) സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള പ്രായപരിധി **19-31** ആണെന്നും പ്രസ്തുത അപേക്ഷ പ്രകാരം ശ്രീ. ശ്രീജിത്ത്. എസ്.ജെ-യുടെ ജനനതീയതി **23/04/1979** ആണെന്നും ആയതിനാൽ ടി തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള പ്രായ പരിധി

കഴിഞ്ഞിരിക്കുന്നുവെന്നും ടി തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യത പ്ലസ്ടു ആണ്, എന്നാൽ അപേക്ഷ പ്രകാരം അപേക്ഷകന്റെ യോഗ്യത എസ് എസ് എൽ സി ആണെന്നും കൂടാതെ ടിയാൻ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് **24.05.1999** -ലെ സ.ഉ(പി)നം.**12/99**/പി&എ.ആർ.ഡി ഉത്തരവിന്റെ ഖണ്ഡിക **19**-ൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ അല്ല അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും പരാമർശം **(3)** പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**3)** മേൽ സാഹചര്യത്തിൽ ശ്രീ. ശ്രീജിത്ത്. എസ്.ജെ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം **(2)**-ലെ **20.06.2022** തീയതിയിൽ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും ടി വിവരം എക്സൈസ് കമ്മീഷണറെ പരാമർശം **(4)** പ്രകാരം അറിയിച്ചിരുന്നതുമാണ്.

**4)** അപേക്ഷ നിരസിച്ച തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്രീജിത്ത്. എസ്.ജെ പരാമർശം **(2)**-ലെ **22.07.2024** തീയതിയിൽ സമർപ്പിച്ച അപേക്ഷ പരാമർശം **(3)**-ലെ **29.07.2024**-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ വീണ്ടും സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

**5)** സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലും മറ്റ് പൊതു തസ്തികകളിലും അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി അപേക്ഷകന് അധികരിച്ചിട്ടുള്ളതിനാൽ ടിയാനെ പാർട്-ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനത്തിനായി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന വിവരവും അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദീകരിക്കുവാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനായി നിയമാനുസൃതമുള്ള അപേക്ഷ യഥാസമയം ഹാജരാക്കുവാൻ സാധിക്കാതിരുന്നതിന് കാരണമായി ശ്രീ. ശ്രീജിത്ത്. എസ്.ജെ ബോധിപ്പിച്ചത് ടിയാന്റെ പിതാവായ എൻ. ശ്രീധരൻ രണ്ട് വിവാഹങ്ങൾ കഴിച്ചിരുന്നു എന്നും ആദ്യ ഭാര്യയിലുള്ള മകളും രണ്ടാം ഭാര്യയിലുള്ള അപേക്ഷകനായ മകനുമായി അവകാശതർക്കം നിലനിന്നിരുന്നു എന്നും, അവകാശതർക്കം പരിഹരിച്ച് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വന്ന കാലതാമസമാണെന്നും ആയതിനാൽ സർക്കാർ തീരുമാനങ്ങൾക്ക് വിധേയമായി ടിയാൻ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിലെ കാലതാമസം മാപ്പാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തുകൊണ്ട് ശ്രീ. ശ്രീജിത്ത്. എസ്.ജെ സമർപ്പിച്ച മാപ്പപേക്ഷ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം **(3)**-ലെ **07.01.2025**-ലെ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

**6)** തുടർന്ന് പരാമർശം **(3)**-ലെ **23.07.2025**-ലെ കത്ത് പ്രകാരം പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിനായി

ശ്രീ. ശ്രീജിത്ത് എസ്. ജെ യുടെ സമ്മതപത്രവും, ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയും ലഭ്യമാക്കിയിരുന്നു.

7) സർക്കാർ ഈ വിഷയം പരിശോധിച്ചു. എക്സൈസ് വകുപ്പിൽ വർക്കല എക്സൈസ് റേഞ്ച് ഓഫീസിൽ പ്രിവന്റീവ് ഓഫീസറായി ജോലി നോക്കി വരവെ 01/10/1992-ൽ ൽ മരണമടഞ്ഞ എൻ ശ്രീധരന്റെ മകൻ ശ്രീ. ശ്രീജിത്ത്. എസ്.ജെ-യെ സമാശ്വാസതൊഴിൽദാന പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 23.04.2000-നു മുൻപ് ആർജിച്ച യോഗ്യതയ്ക്കനുസരിച്ച് ശ്രീ. ശ്രീജിത്ത് എസ്.ജെ-ക്ക് പാർട്-ടൈം കണ്ടിജന്റ് തസ്തികയിലെ നിയമനത്തിനായി പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1.ശ്രീ. ശ്രീജിത്ത്. എസ്. ജെ, ശ്രീധർ നിവാസ്, ആനത്തലവട്ടം പി.ഒ, കടയ്ക്കാവൂർ , 695306
2.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4.പൊതു ഭരണ (എസ്.സി) വകുപ്പ് (17.12.2025-ലെ ഇനം നം.3420 പ്രകാരം)
5.പൊതു ഭരണ (സർവ്വീസസ് - ഡി) വകുപ്പ്
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/64/2024/നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 19-12-2025 16:10:49